"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വേങ്ങര ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള തട്ടാഞ്ചേരിമല കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈൻ ദീർഘിപ്പിച്ച് കൂടുതൽ കുടുംബങ്ങൾക്ക് പൈപ്പ് കണക്ഷൻ നൽകുന്നതിനു പദ്ധതി ഏറ്റെടുക്കുന്നതിനു വേങ്ങര ഗ്രാമ പഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം.2719/2025/LSGD തീയതി,തിരുവനന്തപുരം, 07-11-2025

---

പരാമർശം:-

1. വേങ്ങര ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 26.04.2023-ലെ തീരുമാനം നമ്പർ 10/1
2. വേങ്ങര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 23.06.2023-ലെ 400900/DGPMO6/GPO/2O23/4943/(1) നമ്പർ കത്ത്
3. 26.10.2023-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി യോഗത്തിലെ തീരുമാനം നമ്പർ 4.3
4. 06.03.2024-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി യോഗത്തിലെ തീരുമാനം നമ്പർ 2.2 (4.3)

**ഉത്തരവ്**

ന്യൂനപക്ഷ ക്ഷേമവകുപ്പിന്റെ ഫണ്ട് ഒരു കോടി രൂപ ഉപയോഗിച്ച് കേരള വാട്ടർ അതോറിറ്റി നിർമ്മാണം പൂർത്തീകരിച്ച പദ്ധതിയാണ് വേങ്ങര ഗ്രാമപഞ്ചായത്ത് തട്ടാഞ്ചേരിമല കുടിവെള്ള പദ്ധതി. ടി പദ്ധതി മുഖേന കൂടുതൽ കുടുംബങ്ങൾക്ക് കണക്ഷൻ ലഭിക്കുകയാണെങ്കിൽ ആയത് ഈ മേഖലയിലെ കുടിവെള്ള ക്ഷാമത്തിന് പരിഹാരമാകും എങ്കിലും നിലവിൽ വേങ്ങര ഗ്രാമപഞ്ചായത്തിൽ ജലനിധി കുടിവെള്ള പദ്ധതി നിലവിലുള്ളതിനാൽ മറ്റൊരു പദ്ധതിക്ക് തുക വകയിരുത്തുന്നതിന് അനുമതി ആവശ്യമാണ് എന്നതിനാൽ തട്ടാഞ്ചേരിമല കുടിവെള്ള പൈപ്പ് ലൈൻ നീട്ടലും പുതിയ കണക്ഷൻ നൽകലും എന്ന പദ്ധതിക്ക് 10 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കുവാൻ അഭ്യർത്ഥിച്ചുകൊണ്ട് പരാമർശം (1) തീരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള വേങ്ങര ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരമാർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി പരിഗണിച്ചിരുന്നു.

2.പൈപ്പ് ലൈൻ നീട്ടാൻ ഇപ്പോൾ ഉദ്ദേശിച്ചിരിക്കുന്ന പ്രദേശത്ത് ജലജീവൻ പദ്ധതി നടപ്പാക്കുന്നുണ്ടോ എന്നും പൈപ്പ്ലൈൻ നീട്ടുന്നതിന് ജലസ്രോതസ്സ് ഉണ്ടോ എന്നതടക്കമുള്ള ഫീസിബിലിറ്റിയും പരിശോധിച്ച് റിപ്പോർട്ട് നൽകാൻ കേരള വാട്ടർ തോറിറ്റി ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി പരാമർശം (3) പ്രകാരം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി തീരുമാനിച്ചിരുന്നു.

3. വേങ്ങര ഗ്രാമപഞ്ചായത്തിൽ 17-ാം വാർഡിൽ മൈനോറിറ്റി ഫണ്ട് ഉപയോഗിച്ച് KWA നടപ്പാക്കുന്ന പദ്ധതിയാണ് തട്ടാഞ്ചേരി കുടിവെള്ള പദ്ധതി എന്നും ഈ പദ്ധതിയിലൂടെ 50 ഗാർഹിക കണക്ഷൻ നൽകിയിട്ടുണ്ട് എന്നും ഇതോടൊപ്പം ഈ പ്രദേശത്ത് 40 കണക്ഷൻ കൂടി നൽകണം എന്നും ഇതിനായി 100 മീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കണമെന്നും പദ്ധതിയുടെ

കിണറിനു സമീപം റഗുലേറ്റർ ഉള്ളതിനാൽ വർഷം മുഴുവൻ ജലലഭ്യത ഉറപ്പാണെന്നും പൈപ്പ് ലൈൻ നീട്ടൽ ഫീസിബിൾ ആണെന്നും കേരള വാട്ടർ തോറിറ്റി ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് പദ്ധതി ഏറ്റെടുക്കുവാൻ വേങ്ങര ഗ്രാമപഞ്ചായത്തിന് അനുമതി നൽകുന്നതിനും പദ്ധതി തയാറാക്കി ജില്ലാ ആസൂത്രണ സമിതിക്ക് നൽകുന്നതിന് നിർദേശം നൽകിയും പരാമർശം (4) പ്രകാരം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി തീരുമാനിച്ചിരുന്നു.

4. സർക്കാർ ഇക്കാര്യം പരിശോധിച്ചു. വേങ്ങര ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള തട്ടാഞ്ചേരിമല കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈൻ ദീർഘിപ്പിച്ച് കൂടുതൽ കുടുംബങ്ങൾക്ക് പൈപ്പ് കണക്ഷൻ നൽകുന്നതിനു പദ്ധതി ഏറ്റെടുക്കുന്നതിനു വേങ്ങര ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതുമായി ബന്ധപ്പെട്ട പദ്ധതി തയാറാക്കി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിലൻ എലിസബേത്ത് ജോർജ്
അണ്ടർ സെക്രട്ടറി

പ്രസിഡന്റ് / സെക്രട്ടറി, വേങ്ങര ഗ്രാമപഞ്ചായത്ത്, മലപ്പുറം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്I /ആഡിറ്റ് II ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Shaija R M
സെക്ഷൻ ഓഫീസർ
Date: 07-11-2025 15:40:40